[Mr. P. Govinda Menon]

ചീക്കോട്ട് കയർ വ്യവസായശാല സ്ഥാപിക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുന്നതെന്ന ഞാൻ വിചാരിക്കുന്നു. ഒരു കൊല്ലത്തേയ്ക്കു ഗവർമ്മെണ്ടിന്റെ ഈ വക കാര്യത്തിലുള്ള പരിശ്രമങ്ങൾ എന്തെല്ലാമാണെന്നും ബഡ്ജറ്റിൽ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. അഴീക്കോട് കയർ വ്യവസായം പോഷിപ്പിക്കുന്നതിന്ന് എന്തെല്ലാം സഹായങ്ങളാണ് വേണ്ടതു് എന്നു ഗവർമ്മെണ്ടിനെ അറിയിക്കുകയാണെങ്കിൽ അതു ചെയ്യുവാൻ ഗവർമ്മെണ്ട് ഒരുക്കമുണ്ട്. പെട്ടെന്നു കയർ വ്യവസായം ഗവർമ്മെണ്ടിന്റെ ഉടമസ്ഥതയിൽ ചെയ്യുവാൻ സാധിക്കുമെന്നുപറയുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു് കൊച്ചിയിലെ എല്ലാഭാഗത്തുമെന്നപോലെ അഴീക്കോട്ടു കയർ വ്യവസായത്തിന്റെ പോഷണത്തിന്നു വേണ്ട സഹായകമായ നിലയുതും അവലംബിക്കുവാൻ ഗവർമ്മെണ്ടിന്നു വിരോധമില്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ഈ കാര്യത്തിൽ ഗവർമ്മെണ്ടിന്റെ ശ്രദ്ധ പതിപ്പിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn.

Demand put and carried

(ix) Co-operative Society

Mr. K. Aopappan: *(Minister for Revenue and Public Works)*: I move that Government be granted a sum of Rs. 47,978 under 7. Co-operative Societies.

Mr. P. Govinda Menon *(Minister for Finance and Law)*: I second it.

CUT MOTION No. 1

മിസ്റ്റർ എ. എം. തോമസ്സു്: To reduce the allotment of Rs. 560 for Co-operative Societies—Contingencies—House Rent in Demand No. 7 by Re. 1.

(To bring to the notice of the Government the hardship caused to the Kurikad Co-operative Society No. 12 in ordering the said Society to remove its office from the Lower Secondary School Buildings, Thriuvankulam and to take suitable steps to remedy the grievance of the Society.) സർ, ഒരു പ്രദേശികാവശ്യം, അതായതു് ഫ.പ.-ാം നമ്പ്രു് കുരിക്കാട് പരസ്പര സഹായ സംഘത്തിന്റെ അവശത, ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ മാത്രമെ ഈ ഉപക്ഷേപംകൊണ്ടു് ഞാൻ വിചാരിക്കുന്നുള്ളു. ഈ ഉപക്ഷേപത്തിന്നു അടിസ്ഥാനമായ ഗവണ്മെണ്ടു നടപടി എന്റെ നിയോജകമണ്ഡലത്തിലുള്ള അനേകം ആളുകളുടെ ഹൃദയങ്ങളെ വ്രണപ്പെടുത്തിയിട്ടുണ്ടെന്നു ഞാൻ ആദ്യമെ പ്രസ്താവിച്ചുകൊള്ളട്ടെ. ഈ സൊസൈറ്റി എന്റെ നിയോജകമണ്ഡലത്തിൽ തന്നെയല്ല കൊച്ചി സംസ്ഥാനത്തു ഒട്ടാകെ നോക്കിയാൽതന്നെയും ഏറ്റവും മാതൃകയായ രീതിയിൽ നടത്തിപ്പോരുന്ന ഒരു സ്ഥാപനമാണു്. ഗ്രാമീണ ഋണനിവാരണത്തിൽ ഈ സൊസൈറ്റി അതിന്റെ പങ്കുവഹിച്ചിട്ടുണ്ടു്. ഈ സൊസൈറ്റി നിർഭാഗ്യവശാൽ ഒരു വലിയ കെട്ടിടം സ്വന്തമായി പണിതു് ആ കെട്ടിടത്തിൽ ഒരു സ്കൂളും തുടങ്ങി. ആ സ്കൂളിന്നു കുരിക്കാട് കോ-ഓപ്പറേറ്റീവു സൊസൈറ്റി ലോവർസെക്കണ്ടറി സ്കൂൾ കടുങ്ങമംഗലമെന്നു പേരിട്ട. പിന്നീടു് അതു ഗവണ്മെണ്ടിലേക്കേറ്റെടുത്തു് സ്കൂളിന്റെ പേരു ലോവർ സെക്കണ്ടറി സ്കൂൾ തിരുവാങ്കുളം എന്നു മാറ്റി. ഗവണ്മെണ്ടു് ഏറ്റെടുത്തതിനും പേരു മാറിയതിനും ഒരു ചരിത്രംതന്നെയുണ്ടു്.

പ്രധാനമായി അന്നത്തെ സ്കൂൾ അദ്ധ്യാപകന്മാരുടെ ഗുണത്തെ ലാക്കാക്കിയാണു് ഗവണ്മെണ്ടിലേക്കു് സ്കൂൾ വിട്ടുകൊടുക്കുന്നതിനു് സൊസൈറ്റി സമ്മതിച്ചതു്. സൊസൈറ്റി ടി സ്കൂൾ കെട്ടിടത്തിൽതന്നെ ചില അവകാശങ്ങൾ അനുഭവിച്ചു പോന്നിരുന്നു. ഈ സൊസൈറ്റിയുടെ കെട്ടിടം ഗവണ്മെണ്ടിലേക്കു് ഫ.പ.പ.-ൽ എടുത്തതിന്നു ശേഷവും സൊസൈറ്റിയുടെ ഓഫീസു് അവിടെതന്നെയാണു് നടത്തിയിരുന്നതു്. പന്ത്രണ്ടുകൊല്ലംവരെ അങ്ങിനെ നടന്നിരുന്നു. ഇപ്പോൾ ആ സ്കൂളിലെ പ്രധാന അദ്ധ്യാപകൻ അദ്ദേഹത്തിന്റെ സാമ്രാജ്യം ഭരിക്കുന്നതിനു് വല്ല തടസ്സവും ഉണ്ടാകുമോ എന്നു ഭയപ്പെട്ടിട്ടു് പന്ത്രണ്ടുകൊല്ലം തികയുവാൻ പോകുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന്റെ ഒരു റിപ്പോർട്ടു് ഗവണ്മെണ്ടിനു് ഡിപ്പാർട്ടുമെന്റിൽ സമർപ്പിച്ചു. ടി റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി സൊസൈറ്റി ആഫീസു് അവിടെനിന്നും മാറുവാൻ കല്പനകൊടുത്തു. എനിക്കു് നേരിട്ടു് അറിയാവുന്ന സംഗതിയാണു്. ഈ സൊസൈറ്റിയിലെ മെമ്പർമാർ അവരുടെ തലയിൽ കല്ലും മണ്ണും കുമ്മായവും ചുമന്നുകൊണ്ടുപോയുംകൂടി ആ കെട്ടിടം ഉണ്ടാക്കീട്ടുള്ളതാണു് ഗവണ്മെണ്ടിന്റെ കല്പന അനുസരിച്ചു് മേൽപ്രകാരം അദ്ധ്വാനിച്ചിട്ടുള്ളവർതന്നെ അവരുടെ റിക്കാർഡുകളും അലമാരിയുംകൊണ്ടു് ടി കെട്ടിടത്തിൽനിന്നും പുറത്തേക്കു പോകുന്ന കാഴ്ച ദയനീയംതന്നെ ആയിരുന്നു. ഇപ്പോൾ തിരുവാങ്കുളം വില്ലേജിലാണു് ഈ ആഫീസു് മാറ്റിയിരിക്കുന്നതു്. സൊസൈറ്റി by-laws അനുസരിച്ചു കുരിക്കാട് വില്ലേജിലാണു് ആ

*Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ഫീസ്സിരിക്കേണ്ടതു്. ഗവമ്മെണ്ടു് ഉത്തരവു സൊസൈററി സ്വീകരിച്ചു. "കഴതയുടെ സങ്കടം കരഞ്ഞെങ്കിലും തീക്കണമല്ലൊ" എന്നൊരു ചൊല്ലുണ്ടു്. സൊസൈററിയുടെ സങ്കടവും പ്രതിഷേധവും ഞാൻ ഈ ഉപക്ഷേപംമൂലം പ്രകടിപ്പിക്കുകകൂടി ചെയ്യുന്നുണ്ടു്. ഈ സൊസൈററിയുടെ സ്വന്തമായിരുന്ന സ്ഥലത്തൊ അല്ലാത്തപക്ഷം ഗവമ്മെണ്ടിൽനിന്നു നേരിട്ടു് ഒരു സ്ഥലമൊ അകപയർചെയ്തു കൊടുത്തു് ഈ സൊസൈററിക്കു് ഒരു ആസ്ഥാനം ഉണ്ടാക്കികൊടുക്കണമെന്നാണു് ഈ ഉപക്ഷേപംമൂലം ഞാൻ ആവശ്യപ്പെടുന്നതു്. സൊസൈററിയോടു ചെയ്തിട്ടുള്ള അനീതിയെ അതിശയോക്തിയോടുകൂടി എനിക്കു് പ്രസ്താവിക്കേണ്ടതില്ല. ഗവമ്മെണ്ടിന്നു് സ്ഥലം ഏറെറടുത്തതുകൊണ്ടു് എപ്പോഴും ആ സ്ഥലം കെട്ടിടത്തിൽനിന്നു് അവരെ പുറത്തുവിടുവാൻ നിയമപ്രകാരം അവകാശമുണ്ടായിരുന്നിരിക്കാം. അതും സംശയാസ്പദമാണു്. എതുനിലക്കും ഗവമ്മെണ്ടു് നിയമത്തിൽതന്നെയല്ല നില്ക്കുന്നതു്. എതെങ്കിലും restrictions വെച്ചു് സൊസൈററിയെ ടി കെട്ടിടത്തിൽ നിലകൊള്ളുവാൻ സമ്മതിക്കാത്തതു് ഹൃദയമില്ലാത്ത മനുഷ്യത്വമില്ലാത്ത ഒരു നടപടിയായിപോയി. ഗവമ്മെണ്ടു നടപടികൊണ്ടു് വന്നിട്ടുള്ള പരിതഃസ്ഥിതികളെ തരണം ചെയ്യുവാനും പഴയ സ്ഥാനത്തോ, സമീപമായോ ആഫീസ്സു് പുനഃസ്ഥാപിക്കുവാനും വേണ്ട എല്ലാ മത്താശകളും സൊസൈററിക്കു ചെയ്തുകൊടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

* **Mr. K. K. Kannan** *(Kanayannur Depressed classes)*: I second the motion.

മിസ്റ്റർ കെ. അയ്യപ്പൻ: സർ, ഗവമ്മെണ്ടിന്റെ ഉത്തരവുകൊണ്ടു് തിരുവാങ്കുളത്തെ വളരെ ആളുകളുടെ ഹൃദയം വ്രണപ്പെട്ടിട്ടുണ്ടെന്നു കാണുന്നതിൽ വളരെ വ്യസനിക്കുന്നു. പക്ഷെ ഗവമ്മെണ്ടു് മനഃപൂർവ്വം അവരുടെ ഹൃദയം വ്രണപ്പെടുത്തീട്ടുണ്ടെന്നു പറയുവാൻ നിവർത്തിയില്ല. ഈ സംഗതിയുടെ യഥാർത്ഥസ്ഥിതി ഈ സഭ ധരിച്ചിരിക്കുന്നതുകൊള്ളാം. ഒരു ഹെഡ്മാസ്റ്ററെപ്പററി ഇവിടെ പറഞ്ഞു. ഈ ഹെഡ്മാസ്റ്ററും മറെറ മാസ്റ്റർമാരും തമ്മിൽ നടത്തിയിരുന്ന ഒരു സ്ഥലം ഗവമ്മെണ്ടിലേക്കു് വിട്ടുകൊടുത്തു. അങ്ങിനെതന്നെയല്ലെ?

മിസ്റ്റർ എ. എം. തോമസ്സു്: അതെ.

മിസ്റ്റർ കെ. അയ്യപ്പൻ: ഏതെങ്കിലും പ്രയോജനത്തെ ഉദ്ദേശിച്ചായിരിക്കും സ്ഥലം വിട്ടുകൊടുത്തതു്. അന്നു് അവരെല്ലാവരും വളരെ ലോഹ്യത്തിലായിരുന്നു. . അതു കഴിഞ്ഞതിനുശേഷം ഹെഡ്മാസ്റ്ററും മറെറ മാസ്റ്റർമാരുംതമ്മിൽ സുഖമില്ലാതായി എന്നു തോന്നുന്നു.

മിസ്റ്റർ എ. എം. തോമസ്സു്: അതു ശരിയാണെന്നു എനിക്കു തോന്നുന്നില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: കോ-ഓപ്പറേററീവു സൊസൈററിയിലെ മറെറ മെമ്പർമാരും ഈ ഹെഡ്മാസ്റ്ററും തമ്മിൽ സുഖമില്ലാതായി എന്നു തോന്നുന്നു. ബഹുമാനപ്പെട്ട മെമ്പരുടെ പ്രസംഗത്തിൽനിന്നും അങ്ങിനെയാണു് തോന്നിയതു്. സ്ഥലം വിട്ടുകൊടുത്ത അവസരത്തിൽ ചെയ്തിട്ടുള്ള വ്യവസ്ഥയിൽ അവരുടെ മീററിംഗു് കൂടുവാനുള്ള സൌകര്യം കൊടുക്കണമെന്നു അതിൽ പറഞ്ഞിട്ടുള്ളതു്. ആ അവസരത്തിൽ ആഫീസ്സു് നടത്തുന്ന കാര്യത്തെപ്പററി മാത്രമാത്രമാക്കാതെ, കരുതലില്ലാതെ പോയതുകൊണ്ടാണു് തിരുവാങ്കുളം സൊസൈററിയിലെ മെമ്പർമാർക്കു് ഇപ്പോൾ ഹൃദയം വ്രണപ്പെടുവാൻ കാരണമായതു്. ഇപ്പോൾ ഗവമ്മെണ്ടിന്നു് ഈ സംഗതിയിൽ യാതൊന്നും ചെയ്യുവാൻ നിവർത്തിയും ഇല്ല. അവിടെ മീററിംഗു് നടത്തുന്നതിനു് യാതൊരു വിരോധവും ഇല്ല. ആഫീസ്സു് നടത്തുന്നതു സ്കൂളിന്റെ ആഫീസ്സു് മുറിയിൽ തന്നെയാണു് എന്നുള്ളതും ഈ ബഹുമാനപ്പെട്ട സഭ മനസ്സിലാക്കണം.

Mr. A. M. Thomas (*Kanayannur*): The Office was conducted only outside office hours and during holidays.

മിസ്റ്റർ കെ. അയ്യപ്പൻ: അല്ലെന്നു പറയുന്നില്ല. സ്കൂൾ സമയം കഴിഞ്ഞാലും സൊസൈററിയുടെ ആഫീസു ജോലി പിന്നെയും അവിടെ കഴിക്കേണ്ടിവരും. ഏതായാലും സൊസൈററിയുടെ ആഫീസ് അവിടെ നടത്തുന്നതിനു് സൌകര്യമില്ലെന്നു് ഹെഡ് മാസ്റ്റർ പറയുന്നു. ഈകാര്യത്തിൽ നിർബ്ബന്ധം ഉപയോഗിച്ചു് ഹെഡ്മാസ്റ്ററെ കൊണ്ടു സമ്മതിപ്പിച്ചു സൊസൈററി ആഫീസു അവിടെ നടത്തിക്കുവാൻ നോക്കാതെ ചെയ്യു

* Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Ayyappan]
രിക്കുന്ന വ്യവസ്ഥയിൽ എന്തുപറഞ്ഞിരിക്കുന്നുവൊ അതനുസരിച്ചു് നടന്നുപോകുവാൻ ഗവണ്മെണ്ടു പറയുകയാണ് ചെയ്യുന്നു്. ഗവണ്മെണ്ടു് ആരേയും മനപ്പൂർവ്വം ഉപദ്രവിക്കണ മെന്നു വിചാരിച്ചില്ല. ഇതാണു യഥാർത്ഥസ്ഥിതി. ഇപ്പോഴും ഗവണ്മെണ്ടിനു് ഇതിൽ യാതൊന്നും ചെയ്യുവാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതുപോലെ സ്ഥലം അക്വയർ ചെയ്തുകൊടുക്കുകയൊ കെട്ടിടം കെട്ടി കൊടുക്കുകയൊ ചെയ്യണമെങ്കിൽ ആ സൊസൈറ്റിക്കു എങ്ങിനെ അതു കൊടുക്കുവാൻ സാധിക്കുമെന്നകാര്യം പ്രത്യേകം ആലോചിക്കേണ്ട ഒരു സംഗതിയാണു്. ഇപ്പോഴും അതിനെപ്പറ്റി പ്രത്യേകം എടുത്തുപറയുവാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട മെമ്പർതന്നെ ഈ ഹെഡ്മാസ്റ്റരേയും മറ്റു മാസ്റ്റർമാരേയും ഒന്നു ലോഹ്യപ്പെടുത്തി അവിടെ ഒരു സമാധാനമുണ്ടാക്കിയാൽ കൊള്ളാം. ഈ പ്രശ്നവും ഗവണ്മെണ്ടിന്റെ കയ്യിൽ കൊടുക്കേണ്ടതു് ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പർ ആ കാര്യത്തിൽ ഒന്നു ശ്രമിക്കുക.

Mr. A. M. Thomas *(Kanayannur):* I beg to withdraw the motion

Motion, by leavee, withdrawn

CUT MOTION No. 2

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: "To reduce the allotment of Rs. 5, 842 for Co-operative Societies (15) Temporary Establishment in Demand No. 7—by Re 1.

(ഓർഗനൈസർമാരുടെ തസ്തിക അനാവശ്യമാണെന്നു് ഗവണ്മെണ്ടിനെ ധരിപ്പിക്കുവാൻ) സഹകരണവകുപ്പിൽ 8 ഓർഗനൈസർമാരുടെ തസ്തിക കാണുന്നുണ്ടു്. അവ വ 0 ഉദ്യോഗസ്ഥന്മാർ മുതൽ ക്ലാ 8 ഉദ്യോഗസ്ഥരെ ശമ്പളമുള്ള ഉദ്യോഗങ്ങളാണു്. ഇന്ത്യയിൽ സഹകരണം ഏറ്റവും വികസിതമായിട്ടുള്ളതു് പഞ്ചാബിൽ ആണു്. അതുപോലെ വിപുലമായ നിലയിൽ സഹകരണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മറ്റു ചില പ്രവിശ്യകളും ഉണ്ടു്. അവിടെയൊക്കെ ലക്ഷ്യമായി വച്ചുകൊണ്ടിരിക്കുന്നതു സഹകരണത്തിന്റെ സുവിശേഷം എത്താത്ത ഒരു വില്ലേജുപോലും ആ നാടുകളിൽ ഉണ്ടാകരുതെന്നാണു്. നമ്മുടെ നാടു് ആ ലക്ഷ്യം ഭേദിച്ചു വളരെ ദൂരം പോയിക്കഴിഞ്ഞുവെന്നു കാണാം. ഒരു വില്ലേജുകൂടെ ആണു് കൊച്ചിയിൽ ഉള്ളതു്. ഇവിടെ ആകെ ഉള്ള സഹകരണ സംഘങ്ങളുടെ എണ്ണം നോക്കിയാൽ ഒരു വില്ലേജിനു് ശരാശരി ഒരു സംഘങ്ങൾ വീതം ഉള്ളതായി കാണാം. അങ്ങിനെയിരിക്കുന്ന നിലയിലാണ 8 ഓർഗനൈസർമാരുടെ തസ്തിക ഇവിടെ ഏർപ്പെടുത്തിയതു്. ഇതു ഇടക്കാലത്തുവച്ചു് ഉണ്ടായതാണു്. അതിലാണു് അതിന്റെ വൈചിത്ര്യം ഇരിക്കുന്നതു്. 1947 ചിങ്ങം 1-ാംതു മുതൽ ആണു് ഓർഗനൈസർമാരുടെ തസ്തിക സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. ഓർഗനൈസർമാർ എന്നു പറഞ്ഞാൽ സഹകരണബോധമില്ലാത്ത സാധാരണക്കാരായ വില്ലേജുകളിലെ ആളുകളുടെ ഇടയിൽ പോയി പ്രചരണം നടത്തി ജനങ്ങളെ സഹകരണത്തിലേക്കു മനസ്സുതിരിപ്പിച്ചു് ഓരോരിക്കിലും സംഘങ്ങൾ സംഘടിപ്പിക്കുവാൻ ഉള്ള ഉദ്യോഗസ്ഥന്മാർ എന്നാണു്. എന്നാൽ ഇവരുടെ നിയമനം നടക്കുന്ന കാലത്തു് ഈ നാട്ടിലെ സ്ഥിതി എന്തായിരുന്നു? സഹകരണ വകുപ്പിന്റെ Administration റിപ്പോർട്ടിൽ നിന്നു് ഇവിടെ ചില വരികൾ ചൂണ്ടിക്കാണിക്കാം.

"Applications for new societies began to pour in spontaneous."

അങ്ങിനെ Spontaneous ആയിട്ടു് (സ്വമേധയാ) സഹകരണ സംഘങ്ങൾ റജിസ്റ്റു് ചെയ്യാനായിട്ടുള്ള അപേക്ഷകൾ ഒഴുകിവരുന്ന കാലത്തു് 1947 ചിങ്ങമാസം 1-ാംതു ഇവരുടെ തസ്തിക സൃഷ്ടിച്ചു; മകരത്തിൽ നിയമനം നടത്തി. നിയമിച്ചു കഴിഞ്ഞു് അവർക്കു കൊടുത്ത ജോലിയാകട്ടെ വളരെ വിചിത്രമായിരിക്കുന്നു.

"The Organisers were mainliy in charge of the organisation of new societies. When it was found that requisitions for new societies declined substantially towards the end of this year they were entrusted with the statutory audit and supervision of the major societies.

ഇതുമുഴുവൻ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ നിന്നു് അറിയാൻ സൗകര്യപ്പെടുന്നതാണു്.

"There has been considerable increase under new registrations membership, working capital, total transactions. The chief causes for these were the high prices of a gricultural products, Government's patronage in the matter of the entrustment of fair price shops, etc."

മകരത്തിൽ നിയമനം നടത്തി ആ കൊല്ലാവസാനത്തിൽ ഇൻസ്പക്ടർമാർ ചെയ്യുന്ന ജോലിചെയ്യാൻ അവരെ ഏല്പിക്കുക! ഇതാണു് സൂപ്രവൈസർമാരുടെ ആവിർഭാവത്തിന്റെ ചരിത്രം. ഇന്നു് അതേനിലയിൽ നില്ക്കുന്ന സംഘങ്ങൾ റജിസ്റ്റു് ചെയ്യാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷകൾ കുറഞ്ഞപ്പോൾ അതു് അവക്കു് വേറെ ജോലികൊടുത്തതു്. അപേക്ഷകൾ മുഴുകിക്കൊണ്ടിരുന്നപ്പോൾ അവരെ നിയമിച്ചു. ഫൻ ർ വു ആശസ്സു് ഫ ന്യ-ാംന്ധ- റജിസ്ട്രാരുടെ ന്യന ങ്ങ്യ/ച ഫ നന്ധ്യ കല്പനയിൽ പറയുകയാണു്—

"New registraions of societies are discouraged as far as possible."

അങ്ങിനെപോകുന്ന കാര്യങ്ങൾ. ഓർഗനൈസർമാരുടെ പ്രവർത്തികൊണ്ടല്ല ഇതൊക്കെ നടക്കുന്നതു് എന്ന സ്ഥിതി. അങ്ങിനെയുള്ള ഒരു സാഹചര്യം വന്നു. സഹകരണം വളർന്നു എന്നല്ലാതെ ആരുടേയും പ്രവർത്തനമൊന്നും കാര്യമായി ഇതിലില്ല. വേറെയും ചിലസംഗതികളൊക്കെയുണ്ടു്. അതുകൊണ്ടു് ഡിപ്പാർട്ട്മെണ്ടു് വികസിക്കുന്നതാണു്. ഇന്നു് കാര്യങ്ങൾ എവിടെ എത്തിയിരിക്കുന്നു? റജിസ്ട്രാരുടെ മേൽപറഞ്ഞ കല്പനയിൽ പറയുന്നതുപോലെയെങ്കിലും ഓർഗനൈസർമാരെ ഇവിടെ നിർത്തണം. വ ഇൻസ്പെക്ടർമാരുണ്ടു്. അവർ ചെയ്യുന്നജോലിതന്നെ ഓർഗനൈസർമാരും ചെയ്യുന്നു. ഓർഗനൈസമാർ എന്ന പേർ പറഞ്ഞു്, കുറെ ശമ്പളം കൂടുതൽ കൊടുത്തു് അവരെക്കൊണ്ടു് ഇൻസ്പെക്ടർമാരുടെ ജോലി ചെയ്യിക്കണം! ഇവരുടെ തസ്തികയുടെ മട്ടും മാതിരിയും ഇതാണു്. അതുകൊണ്ടു് ആ തസ്തിക എടുത്തുകളയേണ്ടതാണു്. ഇന്നത്തെ നിലക്കു അതു് ആവശ്യമില്ലെന്നുള്ള വസ്തുത ഗവൺമെണ്ടിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുവാൻ വേണ്ടിമാത്രം ഞാൻ ഇതു് അവതരിപ്പിക്കുന്നതാണു്.

*മിസ്റ്റർ കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെതന്നെ Orgainising work അല്ല ഇപ്പോൾ അവർ നടത്തുന്നതു്. കൊ-ഓപ്പറേറ്റീവു് റജിസ്ട്രാരുടെ റിപ്പോർട്ടു പ്രകാരം ഇപ്പോഴുള്ള അഞ്ഞൂറിൽചില്വാനം സംഘങ്ങൾ ഉള്ളതെല്ലാം ശരിക്കു് പരിശോധന നടത്തുന്നതിന്നും മറ്റും ഈ ആളുകൾ ആവശ്യമാണെന്ന കണ്ടതുകൊണ്ടാണു് ഇവരുടെ തസ്തിക തുടർന്നു കൊണ്ടുപോകുന്നതു്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സംഗതികൾ ഗവൺമെണ്ടു് ആലോചിച്ചുശേഷം വല്ലതും ചെയ്യാൻ നിവൃത്തിയുണ്ടോ എന്നു നോക്കാം. ഇതിൽ കൂടുതലായി ഇതിനെക്കുറിച്ചൊന്നും ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: ഞാൻ സഭയുടെ അനുമതിയോടുകൂടി ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn

Mr. President Cut Motions Numbers 3 to 7 have very much in common with slight variations.

CUT MOTION No. 3

Mr. Joseph Mundasseri (*Aranattukara*): To reduce the allotment of Rs. 47,978 for Co-operative Societies (Total) in Demand No. 7 by Re. 1

(Complete re-organisation)

CUT MOTION No. 4

Mr. Alexander Parambithara (*Kumbalanghy*): To reduce the allotment of Rs. 47,978 for Co-operative Societies (Total) in Demand No. 7 by Re. 1

(The need for reorganising Co-operation in the State in such a way that it may help to raise the standard of life of the ordinary citizen by keeping him above the subsistence level)

CUT MOTION No. 5

Dr. (Mrs.) T. Francis (*Ernakulam Women*): To reduce tbe allotment of Rs. 47,978 for Co-operative Societies (Total) in Demand No. 7 by Re. 1

To impress on the Government the necessity of proper management of Co-operative Societies of the State)

CUT MOTION No. 6

Mr. T. K. Kunhayyappan (*Parappukkarv*): To reduce the allotment of Rs. 47,978 for Co-operative Societies (Total) in Demand No. 7 by Re. 1

(സഹകരണപ്രസ്ഥാനം ജനങ്ങൾക്കു പ്രയോജനകരമാകത്തക്കവണ്ണം പുനഃസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തുവാൻ)

CUT MOTION No. 7

Mr. T. K. Kunhayyappan (*Parappukkara*): To rdeuce the allotment of Rs. 47,978 for Co-opeaative Societies in Demand No. 7 by Re. 1

(സഹകരണ കാര്യാലയം പുനഃസംഘടിപ്പിക്കുകയും, കാര്യാലയത്തിനു കൂടുതൽ ഗ്രാന്റു് നൽകുകയും ചെയ്യേണ്ടതിനെക്കുറിച്ചു് ഗവൺമെണ്ടിനെ ധരിപ്പിക്കുവാൻ)

*Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: സർ, സമയം വൈകിയ സമയത്ത് ഈവക കാര്യങ്ങളെ സംബന്ധിച്ച് കൂടുതലായി സംസാരിച്ച് ബുദ്ധിമുട്ടിക്കണമെന്ന മോഹമില്ല. അടിയന്തിരമായി ഗവണ്മെണ്ടിനെ ധരിപ്പിക്കുവാനുള്ളതു് ഒരു കാര്യമാണു്. Co-operative സൊസൈറ്റികൾ ഇപ്പോൾ മരാമത്തു മന്ത്രിയുടെ അധീനത്തിൽ ആണു്. നമ്മുടെ സാമ്പത്തികനയം ശരിപ്പെടുത്തുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഒരു പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. അതു് കോൺഗ്രസ്സ് നയത്തിന്റെ വെളിച്ചത്തിലാണതാനും. Co-operative Common wealth;—സഹകരണയോഗക്ഷേമം — അതായിരിക്കണം നമ്മുടെ ലക്ഷ്യം എന്നദ്ദേഹം പറയുന്നു. കോൺഗ്രസ്സ് സ്വപ്നംകാണുന്ന ഈ സഹകരണയോഗക്ഷേമം അനുഭവപ്പെടുത്തുന്നതിനു് മരാമത്തുമന്ത്രിയുടെ അധീനതയിലിരിക്കുന്ന കോഓപ്പറേറ്റീവ് ഡിപ്പാർട്ടുമെണ്ടിനു് എന്തുചെയ്യാൻ കഴിയുമെന്നാണു് എനിക്കറിയേണ്ടതു്. ഇന്നുള്ള സൊസൈറ്റികൾ Reorganise ചെയ്യാതെ ഇന്നുള്ളതിൽ കൂടുതൽ മെച്ചം ഉണ്ടാകാൻ പോകുന്നില്ല. ഈ ഒരു ധാരണയോടുകൂടി ഗവണ്മെണ്ടിന്റെ സാക്ഷാൽ സൂത്രധാരന്മാരായ ഈ രണ്ടു മന്ത്രിമാരും കൂടി ആലോചിച്ചു് വല്ലതും ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്. മരാമത്തു് മന്ത്രിയുടെ കോ-ഓപ്പറേഷനും പ്രധാനമന്ത്രിയുടെ കോമൺവെൽത്തും തമ്മിൽ ഇണങ്ങിപ്രവർത്തിക്കാൻ മാർഗ്ഗം കണ്ടുപിടിച്ചേ തീരൂ.

മിസ്റ്റർ കെ. അയ്യപ്പൻ: ആ ഭാഗത്തുനിന്നു്, അതായതു് ബഹുമാനപ്പെട്ട മെമ്പർമാരുടെ പക്കൽനിന്നു് എന്തെങ്കിലും Suggestions കിട്ടിയാൽ അതിനെക്കുറിച്ചു് ആലോചിച്ചു് വേണ്ടതുചെയ്യാമെന്നാണു് ഗവണ്മെണ്ടു പ്രതീക്ഷിക്കുന്നതു്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഈ കാര്യത്തെ സംബന്ധിച്ചു് വേണ്ടിടത്തോളം നിർദ്ദേശങ്ങൾ തരുവാൻ തയ്യാറുണ്ടു്. പക്ഷെ അതു് ഈ സമയത്തു് അല്പാല്പമായി സംസാരിച്ചാൽ തീരുന്നതല്ല എന്നബോദ്ധ്യമുള്ളതിനാൽ ഇപ്പോൾ ഈ സൂചനമാത്രം ചെയ്യുന്നു. രണ്ടു മന്ത്രിമാരും കൂടി ഒരു സ്കീം ഉണ്ടാക്കണം വേണ്ടിവന്നാൽ നിർദ്ദേശങ്ങൾ ടൈപ്പു ചെയ്തു കാണിക്കാം. അതിൽ പ്രധാനമായി അന്തർഭവിച്ചിട്ടുള്ള കാര്യങ്ങൾ ചുണ്ടിക്കാണിച്ചുകൊള്ളുന്നു. എല്ലാവരും ജനങ്ങളുടെ ക്രയണശക്തി വർദ്ധിപ്പിക്കണമെന്നാണു് പറയുന്നതു്. കർഷകവൃത്തിയും വ്യവസായവും അഭിവൃദ്ധിപ്പെടുത്തിയല്ലാതെ ക്രയണശക്തി വർദ്ധിക്കുകയില്ല. വ്യവസായാഭിവൃദ്ധിക്കും, കാർഷികാഭിവൃദ്ധിക്കും വേണ്ടിടത്തോളം പ്രോത്സാഹനം നല്കുന്നതിനു് ഒരുങ്ങും തയ്യാറായിട്ടില്ലെന്നു് മുമ്പൊരവസരത്തിൽ ബഹുമാനപ്പെട്ട ഫിനാൻസ് മന്ത്രി അഭിപ്രായപ്പെട്ടതിൽ വളരെ അർത്ഥമുണ്ടു്. അങ്ങിനെയുള്ള കാര്യങ്ങളിൽ യാതൊരു പ്രോത്സാഹനവും ഉണ്ടാകാതെ നമ്മുടെ ക്രയണശക്തി ഇന്നത്തെ തോതിൽ കിടക്കുന്നിടത്തോളം കാലം നമുക്കൊരു പുരോഗമനവും ഉണ്ടാക്കുവാൻ പോകുന്നില്ല. ഇനി ക്രയണശക്തി പൊതുവെ രാജ്യത്തിനു് വർദ്ധിക്കുന്നതും വ്യക്തികൾക്കു് വെവ്വേറെ വർദ്ധിക്കുന്നതും ഒരുമിച്ചെടുത്തുകൂടാ. സാമ്പത്തികശക്തിയുടെ കുറെക്കൂടി നീതിപൂർവ്വകമായ വിതരണം സാധിക്കണം. അതിലേക്കുവേണ്ടിയാണു് ധനസഹായതത്വം പ്രായോഗികമാക്കണമെന്നു പറയുന്നതു്. ഇതിനു് ആദ്യം വേണ്ടതു് ഇന്നുള്ള Co-operative സൊസൈറ്റികളെത്തന്നെ Producers Co-operative Societies എന്നും, Consumer's Co-operative Societies എന്നും വേർപെടുത്തി ക്രമപ്പെടുത്തുകയാണു്. Agricultural Improvement Society എന്നൊരേർപ്പാടുണ്ടു്. Producer's Society ക്കു് നല്ലൊരു ദിശ്ചന്തമാണതു്. Capital-ം Labour-ം യോജിപ്പിച്ചുകൊണ്ടുപോകണമെങ്കിൽ സൊസൈറ്റികളല്ലാതെ വേറൊരുപായമില്ല. ഉല്പാദനം വർദ്ധിപ്പിച്ചു് ഉല്പന്നങ്ങൾ നമ്മുടെ രാജ്യത്തു് സുലഭമാക്കേണ്ടുന്നതു് അത്യാവശ്യമാണു്. ഈ വിഷയത്തെക്കുറിച്ചു് ഒരു നല്ല പ്ലാൻ തയ്യാറാക്കി നമുക്കു് മുന്നോട്ടു പോകേണ്ടിയിരിക്കുന്നു എന്നതു് അടിയന്തിരകാര്യമാണു്. കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെണ്ടിന്റെ ഇന്നത്തെ നിലക്കുള്ള ദോഷങ്ങൾ എടുത്തുപറഞ്ഞിട്ടു് ആവശ്യമില്ല. സഹകരണയോഗക്ഷേമമെന്നു് പ്രധാനമന്ത്രി വിഭാവനം ചെയ്യുന്ന ആദർശത്തെ മുൻനിർത്തിക്കൊണ്ടു് ഉണ്ടായിട്ടുള്ളതല്ല ഇന്നത്തെ സൊസൈറ്റികൾ എന്നു് നമുക്കു് അതിന്റെ ചരിത്രം അല്പാലോചിച്ചാൽ മനസ്സിലാകും. അതു് പോരാ, ആ യോഗക്ഷേമ തത്വത്തെ നടപ്പിൽ വരുത്തുവാൻ പരിശ്രമിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഇതിനെക്കുറിച്ചു് വേണ്ടിവന്നാൽ വിശദമായ നിർദ്ദേശങ്ങൾ, എന്നാൽ കഴിയുന്നിടത്തോളം, ഗവണ്മെണ്ടിനെ എഴുതി അറിയിക്കാമെന്നു് വാഗ്ദാനംചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഈ കൊല്ലക്കാലമായിട്ടുണ്ട് സഹകരണപ്രസ്ഥാനം നമ്മുടെ നാട്ടിൽ എപ്പെട്ടുത്തിയിട്ട്. മൂന്നര ദശവഷ്ം പ്രവത്തനം നടത്തിയിട്ട് സഹകരണത്തിനു് ഒരു ഇഞ്ച് മുന്നോട്ട് നീങ്ങാൻ കഴിഞ്ഞട്ടില്ലെന്നു് ഞാൻ പറയും.

മിസ്റ്റർ കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട മെമ്പർ ഗവമ്മെണ്ടിനു് പ്രയോജനമാകത്തക്കവണ്ണം വല്ല കായ്ങ്ങളും ചെയ്യണമെങ്കിൽ എന്തെങ്കിലും നിദ്ദേശങ്ങൾ തരണം. കഴിഞ്ഞ സംഗതിയെപ്പറ്റി പറഞ്ഞിട്ട് കായ്മൊന്നുമില്ല. എന്തെങ്കിലും നിദ്ദേശങ്ങൾ തന്നാൽ അതു ഗവമ്മെണ്ടിനു സഹായമായിരിക്കും.

മിസ്റ്റർ പ്രസിഡണ്ട്: അതു് വളരെ അത്യാവശ്യമാണു്. നൂറു മിനിറ്റേ ഇനിയുള്ളൂ.

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: നമ്മുടെ പരിചയത്തിന്റെ വെളിച്ചത്തിൽ ഇതിനെ സംബന്ധിച്ചു് ഒരു പുനഃസംഘടന വേണമെന്നു് പറയുവാൻ ഭാവിക്കുകയാണു്. പുനഃസംഘടനക്കു് പ്ലാൻ ഇട്ടുമ്പോൾ ആ സംഘടനയുടെ യൂണിറ്റു് എങ്ങിനെ ആയിരിക്കണമെന്നു് ആലോചിക്കേണ്ടതുണ്ടു്. യൂണിറ്റിന്റെ സ്വഭാവത്തെക്കുറിച്ചു് മുന്നൂണ്ടഭിപ്രായങ്ങൾ നിലവിലുണ്ടു്. വിവിധോദ്ദേശസംഘത്തേയും, ഏകോദ്ദേശസംഘത്തേയും കുറിച്ചു് വിദഗ്ധന്മാർ പറയുന്ന വളരെ അധികമാളുകളും വിവിധോദ്ദേശസംഘങ്ങൾ എപ്പെട്ടുത്തുന്നതിനു് അനുകൂലികളാണു്. ഒരു സ്ഥലവ്യാപ്തിക്കുള്ളിൽ ഒരു സംഘം ഏപ്പെട്ടുത്തിയാൽ ആ സ്ഥലത്തിന്റെ അതുത്തിക്കുള്ളിൽ ഉള്ള ജനങ്ങൾക്കു് എല്ലാ ആവശ്യങ്ങളും നിവ്വഹിക്കത്തക്കവണ്ണം എല്ലാം നടത്താവുന്ന വിപുലമായ ഒരു സംഘം ഉണ്ടാകണം. അതാണു് വിവധോദ്ദേശസംഘങ്ങൾക്കു് വേണ്ടി നിലകൊള്ളുന്ന ആളുകൾ ലക്ഷ്യമാക്കുന്നതു്. അങ്ങിനെ ഉള്ള ഒരു സംഘത്തിനു അതിന്റെ സ്ഥലാതുത്തിക്കുള്ളിലുള്ള ജനങ്ങൾക്കു് എല്ലാ ആവശ്യങ്ങളും നിവ്വഹിച്ചുകൊടുക്കുവാൻ കഴിയണം. പക്ഷെ ആ യൂണിറ്റു പ്രവത്തിക്കുവാൻ വൈദഗ്ധ്യവും, പരിശീലനവുമുള്ള വളരെ പേർ വേണ്ടിവരുന്നേക്കും. അതിനു് വേണ്ടുവോളം പേരെ നാട്ടുംപുറത്തു കിട്ടിയില്ലായെന്നു വരാമെന്നും, അതിനാൽ ഒരേ സ്ഥലാതുത്തിക്കുള്ളിൽ ജീവിതത്തിന്റെ നാനാവശങ്ങളെ സ്പശ്രിക്കുന്ന ഏകോദ്ദേശസംഘങ്ങളാണുണ്ടാകേണ്ടതെന്നും അഭിപ്രായമുള്ളവരുമുണ്ടു്. നമുക്കു് ഏതു കാര്യമെന്നു പരിചിന്തിച്ചു ഇക്കായ്ത്തിൽ ഒരു തീരുമാനമുണ്ടാക്കി നാടു് മുഴുവൻ സംഘടിപ്പിക്കണം. രാജ്യത്തിൽ എല്ലാ ഭാഗത്തുമുള്ള ആളുകളുടെ എല്ലാ കായ്ങ്ങളും നിവ്വഹിക്കുവാൻ ഈ സംഘങ്ങൾക്കു കഴിയണം. ഇതു കരുതിക്കൊണ്ടുവേണം ഇതിനുവേണ്ടി പ്ലാൻ ചെയ്യുവാൻ. ഏതായാലും സഹകരണത്തിനു പുനഃസംഘടന വേണമെന്നു പറയുക മാത്രമെ ഞാൻ ഇപ്പോൾ ചെയ്യുന്നുള്ളൂ. രണ്ടു ദോഷങ്ങൾ ചൂണ്ടിക്കാണിക്കുവാനും എനിക്കു താല്പയ്മുണ്ടു്. ചില കുത്തകതാല്പയ്ക്കാർ അവരുടെ താല്പയ്ങ്ങൾക്കുവേണ്ടി എപ്പെട്ടുത്തപ്പെട്ടവയാണു് ചില സംഘങ്ങൾ. ചില സംഘങ്ങൾ ചില വ്യക്തികൾ കൈവശത്തിലാക്കി സ്വകായ്സ്വത്താക്കി വെച്ചുകൊണ്ടിരിക്കുന്നു. ഒരു തറവാടിനുവേണ്ടി ഒരു സംഘം റജിസ്റ്റു് ചെയ്യപ്പെട്ടതായിപോലും നമുക്കു കാണാൻ കഴിയും. ഈ ദോഷങ്ങൾ പരിഹരിക്കപ്പെടണമെങ്കിലും പുനഃസംഘടന ചെയ്യേണ്ടതു് ആവശ്യമായിരിക്കുന്നു. അവസാനമായി ചൂണ്ടിക്കാണിക്കാനുള്ള മറെറാരു സംഗതി വ്യവസായസംബന്ധമായി....

Mr. President: Time.

*മിസ്റ്റർ കെ. അയ്യപ്പൻ: വല്ല നിദ്ദേശങ്ങളും ബഹുമാനപ്പെട്ട മെമ്പർമാർ ഇനിയെങ്കിലും അയച്ചുതരുന്നതു് ഗവമ്മെണ്ടിനു് ഇക്കായ്ത്തിൽ ഉപകാരപ്രദമായിരിക്കുമെന്നു കണക്കാക്കിക്കൊണ്ടിരിക്കുകയാണു് ചെയ്യുന്നതു്. പല പരിഷ്കാരങ്ങളും ഇവിടെ വരുത്തേണ്ടതുണ്ടു്. എന്നാൽ അതു പെട്ടെന്നു് നടപ്പാക്കാൻ സാധ്യമല്ല. പിന്നെ ഒരു സംഗതി പറയാനുള്ളതു് പഞ്ചാബിലേയും മറെറ സ്ഥലങ്ങളിലേയും Administration റിപ്പോർട്ടുകൾ വായിച്ചു കഴിഞ്ഞാൽ നമുക്കുണ്ടാകുന്ന അനുഭവത്തേക്കാൾ അധികം നമ്മുടെ റിപ്പോർട്ടുകൾ അവിടെ ഇരുന്നു വായിക്കുന്നതായാൽ നമുക്കുണ്ടാകും. എന്നാൽ മാത്രമെ നമ്മുടെ നിലവ്യക്തമായി മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ആ ഒരു പരമാത്ഥം എല്ലാവരേയും അറിയിച്ചാൽ കൊള്ളാമെന്നുണ്ടു്. ശരിയായ നിദ്ദേശങ്ങൾ ബഹുമാനപ്പെട്ട സഭയിൽനിന്നു് കിട്ടുന്നതെല്ലാം സ്വീകരിച്ചു് എന്തു പരിഷ്കാരങ്ങളും വരുത്തുവാൻ ഗവമ്മെണ്ടു് എപ്പോഴും ഒരുക്കമാണു്. ഇവിടെ നടത്തുന്നതെല്ലാം പരിപൂണ്ണമായി തീർന്നിട്ടുണ്ടെന്നു് ഗവമ്മെണ്ടു് അഭി

*Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Ayyappan]

മാനിക്കുന്നില്ല. അതുകൊണ്ട് കഴിയുന്നത്ര നിർദ്ദേശങ്ങളും തന്ന് ഗവൺമെണ്ടിനെ സഹായിക്കുവാനും ബഹുമാനപ്പെട്ട മെമ്പറോട് ഈ motion പിൻവലിക്കുവാനും അപേക്ഷിക്കുന്നു.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഞാൻ മദ്രാസിലേയൊ, പഞ്ചാബിലേയോ ഇന്ത്യയിലെ മറ്റു പ്രവിശ്യകളിലേയൊ കായ്ങ്ങളും ഇവിടെ പകർത്തണമെന്നു് ആവശ്യപ്പെടുന്നതിനല്ല എന്റെ ഖണ്ഡനോപക്ഷേപംകൊണ്ടുദ്ദേശിക്കുന്നതു് എന്നു പറഞ്ഞുകൊള്ളട്ടെ.

മിസ്റ്റർ കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട മെമ്പർ പഞ്ചാബിലെ കായ്യം പറഞ്ഞു എന്നു ഞാൻ പറഞ്ഞില്ല.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: നമുക്കു ഒരു സാമ്പത്തികവ്യവസ്ഥയിലേക്കു് പ്രവേശിക്കാൻ സാധിക്കുമാറാകുമൊ എന്നു ആലോചിക്കണമെന്നു ഗവൺമെണ്ടിനെ ഉൽബോധിപ്പിക്കുകയാണു്.

മിസ്റ്റർ കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട മെമ്പർക്കു് ഇതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളും തരുവാൻ സാധിക്കുമെന്നുണ്ടെങ്കിൽ വേണ്ടത്തക്ക പരിഷ്കാരങ്ങളും വരുത്തുന്നതിനുള്ള നടപടികളും ഗവൺമെണ്ടു് ഉടനെ എടുക്കുന്നതായിരിക്കും.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ബഹുമാനപ്പെട്ട ഗവൺമെണ്ടിന്റെ പരിചിന്തിതമായ കഴിവുകളും ഇക്കായ്യത്തിലേക്കു് വിനിയോഗിക്കും എന്നുള്ള ഉറപ്പോടുകൂടി ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Mr. President: We have reached the end of our labours in this respect and according to rule 55, the last minute has arrived to put the last item in the Budget to vote.

The demand under 7. Co-operative Societies put and carried.

The House rose for the day at 8 p.m.

N. I. OUSEPH
Secretary

LIBRARY ARCHIVES Kerala Legislative Assembly